**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3528** **14-07-2022 - ൽ മറുപടിയ്ക്ക്**

**കാവൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബാലവേല നിയന്ത്രിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ബാലവേല നിയന്ത്രിയ്ക്കുന്നതിന് സംസ്ഥാനത്ത് വനിത ശിശു വികസന വകുപ്പിന്റെ സംയോജിത ശിശു സംരക്ഷണ പദ്ധതി മുഖേന 'ശരണബാല്യം' പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ബാലവേല സംബന്ധിച്ച വിവരം നൽകുന്നവർക്കായി എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | ബാലവേല സംബന്ധിച്ച വിവരം നൽകുന്നയാളിന് 2500/- രൂപ ഇൻസെന്റീവ് നൽകുന്നതിന് സർക്കാർ ഉത്തരവാകുകയും ആയത് പ്രകാരം ബാലവേലയുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുജനങ്ങൾക്ക് ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളെ അറിയിയ്ക്കാവുന്നതും ജില്ലാ ശിശു സംരക്ഷണ<br>ഓഫീസറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി സത്യസന്ധമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ടി വിവരം അറിയിച്ച വ്യക്തിയ്ക്ക് ഇൻസെന്റീവ് നൽകുന്നതാണ്. ഈ പദ്ധതിയുടെ പ്രചരണാർത്ഥവും, ബാലവേല കണ്ടെത്തുന്നതിനായും ആയത് തടയുന്നതിനായും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി വാഹന പ്രചരണ ജാഥകളും യോഗങ്ങളും സംഘടിപ്പിച്ചു വരുന്നു. |
| (സി) | കാവൽ പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | എല്ലാ ആറ് മാസം കൂടുമ്പോഴും വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ കാവൽ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ ജില്ലാതലത്തിൽ പ്രതിമാസം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ പദ്ധതി അവലോകന യോഗങ്ങൾ നടത്തിവരുന്നു. കാവൽ പദ്ധതിയുടെ ഭാഗമായി 28 സന്നദ്ധസംഘടനകളുടെ കീഴിൽ 2235 കുട്ടികൾക്ക് നിലവിൽ സേവനം നൽകിവരുന്നു. |
| (ഡി) | ബാലവേലക്കായി നിയോഗിക്കപ്പെട്ട അന്യസംസ്ഥാനക്കാരുടെ പുനരധിവാസ | (ഡി) | ബാലവേലയിൽ ഏർപ്പെടുന്ന ഇതര സംസ്ഥാനക്കാരായ കുട്ടികളെ ജില്ലാ ശിശു |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | | സംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ ഡ്രൈവുകൾ സംഘടിപ്പിച്ച് റെസ്ക്യൂ ചെയ്യുകയും കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയ്ക്കു മുമ്പിൽ ഹാജരാക്കി പുനരധിവാസം ഉറപ്പാക്കുകയും ചെയ്യുന്നു. ഇതര സംസ്ഥാനത്ത് നിന്നുള്ള കുട്ടികളാണെങ്കിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ അവരുടെ സ്വദേശത്തേക്ക് റിപാട്രിയേറ്റ് ചെയ്യുന്നു. ഏതെങ്കിലും സാഹചര്യത്തിൽ കുട്ടികളുടെ മാതാപിതാക്കളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നത് താമസിക്കുകയാണെ ങ്കിൽ അതുവരെ കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ പാർപ്പിച്ച് സംരക്ഷണവും വിദ്യാഭ്യാസവും നൽകി വരുന്നു. ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിനും പുനരധിവാസം ഉറപ്പാക്കുന്നതിനുമായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ